## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6059** **02.04.2018-ൽ മറുപടിയ്ക്ക്**

**കാരുണ്യ ബെനവലന്റ് പദ്ധതി ആനുകൂല്യം ലഭിക്കാനുള്ള മാനദണ്ഡങ്ങൾ**

| ചോദ്യം<br>ശ്രീ. എൻ .എ.നെല്ലിക്കുന്ന് : | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കാരുണ്യ ബെനവലന്റ് പദ്ധതി പ്രകാരം ആനുകൂല്യങ്ങൾ ലഭിക്കാനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ; | (എ) | 3 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള എ.പി.എൽ., ബി.പി.എൽ. കുടുംബങ്ങളിലെ എല്ലാ അംഗങ്ങൾക്കും നിശ്ചിത രോഗങ്ങൾക്ക് 2 ലക്ഷം രൂപവരെ ധനസഹായം നൽകുന്നു. വൃക്ക രോഗികൾക്ക് 3 ലക്ഷം രൂപവരെ ധനസഹായം അനുവദിക്കുന്നു. ഹീമോഫീലിയ രോഗ ചികിത്സാ ധനസഹായത്തിന് വരുമാന പരിധിയില്ല. |
| (ബി) | മാനദണ്ഡങ്ങൾ ഏതെങ്കിലും പാലിക്കാത്തതിന്റെ പേരിൽ കാരുണ്യ ബെനവലന്റ് പദ്ധതിയിൽ ഇതുവരെ എത്ര പേർക്ക് ആനുകൂല്യങ്ങൾ നിഷേധിക്കപ്പെട്ടിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (ബി) | മാനദണ്ഡങ്ങൾ പാലിക്കാത്തതിന്റെ പേരിൽ കാരുണ്യ പദ്ധതിയിൽ നിന്നും ആനുകൂല്യങ്ങൾ നിഷേധിക്കാറുണ്ട്. ഇതിന്റെ കണക്ക് ലഭ്യമല്ല. |
| (സി) | സ്വന്തമായി വീടില്ലാത്തവർക്കും റേഷൻ കാർഡില്ലാത്തവർക്കും കാരുണ്യ ബെനവലന്റ് പദ്ധതി പ്രകാരം ആനുകൂല്യങ്ങൾ ലഭിക്കുമോ എന്നും ഇതിനകം ഇങ്ങനെയുള്ള എത്ര പേർക്ക് ആനുകൂല്യങ്ങൾ ലഭിച്ചിട്ടുണ്ട് എന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (സി) | സ്വന്തമായി വീടില്ലാത്തവർക്ക് മാനദണ്ഡങ്ങൾ പാലിച്ച് ആനുകൂല്യങ്ങൾ ലഭ്യമാക്കാറുണ്ട്. കാരുണ്യ ബനവലൻറ് പദ്ധതി പ്രകാരം ചികിത്സാ ധനസഹായത്തിനുള്ള അടിസ്ഥാന രേഖ റേഷൻ കാർഡാണ്. എന്നാൽ റേഷൻ കാർഡ് ഇല്ലാത്ത സർക്കാർ അംഗീകൃത അഗതി മന്ദിരങ്ങളിലെ അന്തേവാസികൾക്ക് മാനദണ്ഡങ്ങൾ പാലിച്ച് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നുണ്ട്. റേഷൻ കാർഡില്ലാതെ ആനുകൂല്യങ്ങൾ ലഭ്യമാക്കിയ തിന്റെ ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | മംഗലാപുരത്തെ ആശുപത്രികളിൽ ചികിത്സ തേടുന്നവർക്ക് റീ ഇമ്പേഴ്സ്മെന്റ് ഉണ്ടാകുമെന്ന പ്രഖ്യാപനം പ്രാബല്യത്തിൽ വന്നിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ഡി) | പ്രാബല്യത്തിൽ വന്നിട്ടില്ല. |

| | | | |
|---|---|---|---|
| (ഇ) | ഇല്ലെങ്കിൽ പ്രാബല്യത്തിൽ വരാത്തതിന്റെ കാരണമെന്താണെന്നും എപ്പോൾ പ്രാബല്യത്തിൽ വരുമെന്നും വ്യക്തമാക്കാമോ? | (ഇ) | 25-ാം സംസ്ഥാനതല സമിതി തീരുമാനപ്രകാരം കർണ്ണാടകത്തിലെ മംഗലാപുരത്തുള്ള ഇൻഡ്യാന ഹോസ്പിറ്റൽ, യേനപ്പോയ സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ, ഫാദർ മുള്ളേഴ്സ് ആശുപത്രി, മണിപ്പാൽ കസ്തൂർബാ മെഡിക്കൽ കോളേജ്, കൂടാതെ മംഗലാപുരത്തുള്ള അനുബന്ധ കെ.എം.സി. ഹോസ്പിറ്റലുകളിലേയും ചികിത്സയ്ക്ക് പ്രത്യേകാനുമതി പ്രകാരം സഹായം നൽകുന്നതിന് അഡ്മിനിസ്ട്രേറ്ററെ ചുമതലപ്പെടുത്തിയിരുന്നു.<br>എന്നാൽ ആരോഗ്യ കുടുംബ ക്ഷേമ വകുപ്പിന് കീഴിൽ സമഗ്ര ആരോഗ്യ പദ്ധതി നടപ്പിലാക്കുന്ന കാര്യം സജീവ പരിഗണനയിലുള്ളതിനാൽ കാരുണ്യ ചികിത്സാ പദ്ധതിയുടെ നിലവിലെ വ്യവസ്ഥകളിൽ മാറ്റങ്ങളൊന്നും തന്നെ വരുത്തേണ്ടതില്ല എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

റേഷൻ കാർഡ് ഇല്ലാത്തവർക്ക് ധനസഹായം അനുവദിച്ചതിന്റെ എണ്ണം

| ക്രമ നമ്പർ | ജില്ല | എണ്ണം |
|---|---|---|
| 1. | തിരുവനന്തപുരം | 4 |
| 2. | പത്തനംതിട്ട | 1 |
| 3. | കോട്ടയം | 6 |
| 4. | ഇടുക്കി | 2 |
| 5. | എറണാകുളം | 19 |
| 6. | തൃശ്ശൂർ | 5 |
| 7. | പാലക്കാട് | 1 |
| 8. | വയനാട് | 2 |
| 9. | കണ്ണൂർ | 2 |
| | ആകെ | 42 |

സെക്ഷൻ ഓഫീസർ